# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3215 — 15.02.2013-ൽ മറുപടിയ്ക്ക്

## നബാർഡ് ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>,, കെ.ശിവദാസൻ നായർ<br>,, പാലോട് രവി<br>,, സണ്ണി ജോസഫ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പമന്ത്രി) |
| (എ) റോഡുകളും പാലങ്ങളും പണിയാൻ ധനസഹായം നൽകുവാൻ നബാർഡ് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br>(ബി) എത്ര തുകയുടെ ധനസഹായമാണ് ഇതിനായി നൽകുന്നത് ; വിശദാംശങ്ങൾ സഹിതം ലഭ്യമാക്കുമോ ; | **(എ)&(ബി):**<br>ഉണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ ഇതുവരെ 19750.83 ലക്ഷം രൂപയുടെ ധന സഹായമാണ് ഗ്രാമീണമേഖലയിലെ റോഡുകളും പാലങ്ങളും പുനരുദ്ധരിക്കുന്നതിനും/ നിർമ്മിക്കുന്നതിനും നബാർഡിൽ നിന്നും അനുവദിച്ചിട്ടുള്ളത്. |
| (സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എത്ര റോഡുകൾക്കും പാലങ്ങൾക്കുമാണ് പ്രസ്തുത ധന സഹായം നൽകുന്നത് ; | (സി) 2012-13 സാമ്പത്തിക വർഷത്തിൽ 23 റോഡുകളുടെയും 7 പാലങ്ങളുടെയും പുനരുദ്ധാരണത്തിനും/നിർമ്മാണത്തിനുമായാണ് ഈ തുക അനുവദിച്ചിട്ടുള്ളത്. |
| (ഡി) നബാർഡിൽ നിന്നും ലഭിക്കുന്ന ധനസഹായത്തിന്റെ വ്യവസ്ഥകൾ വിശദമാക്കുമോ ? | (ഡി) പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കുന്ന ഗ്രാമീണ മേഖലയിലെ പദ്ധതികൾ, സംസ്ഥാനത്തിന് ലോൺ വിഹിതം ലഭ്യമാക്കുന്ന നോഡൽ ഏജൻസിയായ ധനകാര്യ വകുപ്പ് വഴിയാണ് നബാർഡിന് സമർപ്പിക്കുന്നത്. ബാങ്കിന്റെ നിയമങ്ങൾ ക്കനുസരിച്ചാണോ പ്രോജക്ട് റിപ്പോർട്ടുകൾ എന്ന് പരിശോധിച്ച് അംഗീകാരം നൽകുന്നത് നബാർഡാണ്. അങ്ങനെ അംഗീകാരം കിട്ടുന്ന പദ്ധതികൾ സാധാരണ പ്രവൃത്തികൾ നടത്തുന്ന രീതിയിൽ നടപ്പിലാക്കുകയും ചെയ്യുന്നു. പദ്ധതിച്ചെലവിന്റെ 80% നബാർഡിൽ നിന്നും ലോൺ വ്യവസ്ഥയിൽ ലഭിക്കുന്നു. ബാക്കി 20% സംസ്ഥാന വിഹിതമാണ്. |

സെക്ഷൻ ഓഫീസർ